ശശിധരൻ
പാളയംകുന്ന്

വേങ്കോട് മലവിള പുഷ്പവിലാസത്തിൽ ശശിധരൻ (80) അന്തരിച്ചു. ഭാര്യ: പുഷ്പമണി. മകൻ: അനിമോൻ. മരുമകൾ: ഷീബ. സഞ്ചയനം ശനി രാവിലെ എട്ടിന്.

ഭവാനിയമ്മ
തോന്നയ്ക്കൽ

കുടവൂർ വാര്യ വിളാകത്തു വീട്ടിൽ ഭവാനിയമ്മ (78) അന്തരിച്ചു. ഭർത്താവ്: പരേതനായ കൃഷ്ണപിള്ള. മക്കൾ: ഗീത, ബീന, പരേതനായ ജയകുമാർ. മരുമക്കൾ: വാസുദേവൻ പിള്ള, ചന്ദ്രശേഖരപിള്ള. സഞ്ചയനം ചൊവ്വ ഒമ്പതുമണിയ്ക്ക് കുറ്റ്യാണി മകളുടെ വീട്ടിൽവച്ച്.

നീലകണ്ഠൻ ഉണ്ണിത്താൻ
കല്ലമ്പലം

മാവിൻമൂട് ദീപാനിവാസിൽ നീലകണ്ഠൻ ഉണ്ണിത്താൻ (76) അന്തരിച്ചു. ഭാര്യ: ഡി ഇന്ദിരാദേവി. മക്കൾ: ദീപ, ജയകുമാർ, ദിവ്യ. മരുമക്കൾ: അരുൺ, രേഷ്മ, ദിനേശ്. സഞ്ചയനം തിങ്കൾ ഒമ്പതിന്.

ജയകുമാർ
കല്ലമ്പലം

നാവായിക്കുളം പത്മനാഭവിലാസത്തിൽ (പണയിൽ വീട്) ജയകുമാർ (56, സുനി) അന്തരിച്ചു. ഭാര്യ: രജനി. മക്കൾ: ജയലക്ഷ്മി, അശ്വതി. സഞ്ചയനം ചൊവ്വ എട്ടിന്.

സരസ്വതിയമ്മ
നെടുമങ്ങാട്

ചെല്ലാംകോട് മഠത്തിക്കളയിൽവീട്ടിൽ സരസ്വതിയമ്മ (88) അന്തരിച്ചു. ഭർത്താവ്: പരേതനായ ഗോപാലപിള്ള. മക്കൾ: കനകനാഥ്, ചന്ദ്രിക, രാജമ്പിക, ശശികല. മരുമക്കൾ: രമണി, പ്രസന്നൻ, പരേതനായ മോഹനചന്ദ്രൻ, രാമചന്ദ്രൻ നായർ. സഞ്ചയനം ബുധൻ 8.30ന്.

വാസുദേവൻനായർ
അമരവിള

ശാരാദാലത്തിൽ വാസുദേവൻനായർ (90, റിട്ട. ഡിസ്ട്രിക്ട് രജിസ്ട്രാർ) അന്തരിച്ചു. ഭാര്യ: ശാരദാഭായി അമ്മ (റിട്ട. അധ്യാപിക). മകൻ: അഡ്വ. വി എസ് സുരേഷ്കുമാർ (നെയ്യാറ്റിൻകര). മരുമകൾ: വി പ്രീത (അധ്യാപിക). സഞ്ചയനം വ്യാഴം ഒമ്പതിന്.

ആയിഷാബീവി
കണിയാപുരം

മംഗലാപുരം വരിക്കുമുക്ക് എആർ മൻസിലിൽ ആയിഷാബീവി (97) അന്തരിച്ചു. ഭർത്താവ്: പരേതനായ മുഹമ്മദ് ഇസ്മായിൽ. മക്കൾ: നുജുമുദ്ദീൻ, മുഹമ്മദ് സലീം, റംലാബീവി, അബ്ദുൽറാഫി, കമാലുദ്ദീൻ, ആബിദാബീവി, സമീറാബീവി, മുഹമ്മദ് ഹാഷിം, മുഹമ്മദ് ഹാറൂൺ, മുഹമ്മദ് ഷാഫി, മുഹമ്മദ് ഷജീർ. മരുമക്കൾ: ഹയറുന്നിസ, ഷാഹിദ, അബ്ദുൽ അസീസ്, റഷീദാബീവി, സീനത്ത്, അബ്ദുൽ റഷീദ്, സബീതാബീവി, ഹാഷിം, സിമി, ഷിബില.

എം സരസമ്മ
വട്ടപ്പാറ

വേറ്റിനാട് രജിഭവനിൽ എം സരസമ്മ (71) അന്തരിച്ചു. ഭർത്താവ്: പരേതനായ ഗോപിനാഥൻ. മക്കൾ: രജികുമാർ (കേരള പൊലീസ്), ശോഭ (നവജീവൻ വിദ്യാലയ), സിന്ധു (കേരള പൊലീസ്). മരുമക്കൾ: സരിത, എ ആർ ഗിരി, രാധാകൃഷ്ണൻ. സഞ്ചയനം 18ന് ഒമ്പതിന്.

അന്നമ്മാൾ
പാറശാല

മുര്യങ്കര താബോറിൽ അന്നമ്മാൾ (82, റിട്ട. അധ്യാപിക) അന്തരിച്ചു. ഭർത്താവ്: പരേതനായ ജോസഫ്. മകൾ: സെലിൻ ജോസഫ് (റിട്ട. എഇഒ). മരുമകൻ: ഡോ. സെൽവരാജ്. പ്രാർഥന തിങ്കൾ രാവിലെ എട്ടിന് ഹോളി ട്രിനിറ്റി ദേവാലയത്തിൽ.

ജി സുഭാഷിണി
കഴക്കൂട്ടം

ചെട്ടിക്കരി വീട്ടിൽ ജി സുഭാഷിണി (80) അന്തരിച്ചു. ഭർത്താവ്: പരേതനായ സത്യവാൻ. മക്കൾ: എസ് സജിത, എസ് സജീത്. മരുമക്കൾ: അനിൽകുമാർ, നന്ദിത. സഞ്ചയനം തിങ്കൾ ഏഴിന്.

നളിനി
നെടിയവിള

മേക്കുംകരവീട്ടിൽ നളിനി (90) അന്തരിച്ചു. ഭർത്താവ്: പരേതനായ ബാലകൃഷ്ണൻ. മക്കൾ: സുജാത, പരേതയായ സുധർമ, സുലോചന, സുവർണ്ണകുമാർ, സുവർണ്ണകുമാരി. മരുമക്കൾ: സത്യവ്രതൻ, ശശിധരൻ, സുഗുണൻ. സഞ്ചയനം ഞായർ 8.30ന്.

ഗോപിനാഥൻ നായർ
വിളപ്പിൽശാല

ചെറുതേരി സിറ്റി ഗാർഡനിൽ ഗോപിനാഥൻ നായർ (87, റിട്ട. കെഎസ്ആർടിസി) അന്തരിച്ചു. ഭാര്യ: ലീലകുമാരി. മക്കൾ: ലേഖ, പ്രീത, ബിന്ദു, മഞ്ജു. മരുമക്കൾ പരേതനായ ശശി കുമാരൻ നായർ, ഗോപകുമാർ, ലാൽ കുമാർ, ഗോപാലകൃഷ്ണൻ നായർ.

കെ ഉദയകുമാർ
വട്ടിയൂർക്കാവ്

കൊടുങ്ങാനൂർ കൈരളി ഗാർഡൻസിൽ കെജിആർഎഡി 8/1ൽ ഓമന നിവാസിൽ കെ ഉദയകുമാർ (54) അന്തരിച്ചു. ഭാര്യ ബിന്ദു. മക്കൾ: അഖിൽ, അഞ്ജലി. മരുമകൻ: ഗോപകുമാർ. സഞ്ചയനം ചൊവ്വ 8.30ന്.

ശാന്ത
വട്ടിയൂർക്കാവ്

നേതാജി റോഡ് എൻആർആർഎ 95/1 ൽ ശാന്ത (75) അന്തരിച്ചു. മക്കൾ : പരേതനായ സുരേഷ്, ശശികല. മരുമകൻ: ഗണേശൻ.

മോളി കെ ടി
കീഴുക്കുന്ന്

മാളിയേക്കമറ്റത്തിൽ മോളി കെ ടി(55) അന്തരിച്ചു. സംസ്കാരം ശനി രാവിലെ 10 ന് കിഴക്കേ നട്ടാശ്ശേരി തിരുക്കുടുംബ ക്നാനായ കത്തോലിക്കാ പള്ളിസെമിത്തേരിയിൽ. പരിപ്പ് കളത്ര കുടുംബാംഗം. ഭർത്താവ്: പരേതനായ ജോബോയ് സ്റ്റീഫൻ. മകൻ: ആൽഫിൻ ജെ മാളിയേക്കമറ്റം.

സുഭദ്ര
വട്ടിയൂർക്കാവ്

അറപ്പുര എൽജിആർഎ24 ലേക്ക് ഗാർഡൻസ് അശ്വതിഭവനിൽ സുഭദ്ര (82) അന്തരിച്ചു. ഭർത്താവ്: വാസുദേവൻ. മക്കൾ: സന്തോഷ്, രോഷിണി ബാല, രഘു ബാല. മരുമക്കൾ: പ്രകാശ്, സുനിത, അൽത്താഫ്. സഞ്ചയനം വെള്ളി എട്ടിന്.

കെ ഗോപിനാഥൻ
വെള്ളറട

പനച്ചമൂട് വേങ്കോട് വടക്കുംകരവീട്ടിൽ കെ ഗോപിനാഥൻ (79) അന്തരിച്ചു. ഭാര്യ: പി രാധ. മക്കൾ: ഉദയകുമാർ, ആർ ഉദിലകുമാരി, ആർ സുനിലകുമാരി. മരുമക്കൾ: സരസ്വതി, വി സുന്ദരേശൻ, വി ഉദയകുമാർ. സഞ്ചയനം തിങ്കൾ ഒമ്പതിന്.

നേശമ്മ
വെള്ളറട

പാലിയോട് കുറുവാട് തെക്കുംകര പുത്തൻവീട്ടിൽ നേശമ്മ (92) അന്തരിച്ചു. ഭർത്താവ്: പരേതനായ മുത്തനായക. മക്കൾ: പരേതനായ ദാസയ്യൻ, ജോൺസൺ, ജീവരത്നം, പത്രോസ്, ജോസഫ്, മിഖായേൽ, അമലോത്സവ. മരുമക്കൾ: ഫ്ലോറൻസ്, അന്നമ്മ, ക്രിസ്തുദാസ്, സരോജം, സരോജം ജോസഫ്, പ്രഫലറ്റ് ജോയ്, നേശമണി. പ്രാർഥന ചൊവ്വ രാവിലെ എട്ടിന് പാലിയോട് സെന്റ് ജോസഫ് പള്ളിയിൽ.

ഗീത
പാറശാല

കൊല്ലങ്കോട് കല്ലുവെട്ടാൻകുഴി നെല്ലിയാപാട്ടുവിള വീട്ടിൽ ഗീത (49) അന്തരിച്ചു. ഭർത്താവ്: സി എസ് ജയകൃഷ്ണൻ. മക്കൾ: ജെ എസ് ആതിരകൃഷ്ണ, ജെ എസ് അജേഷ് കൃഷ്ണ. മരുമകൻ: ഗൗതംപ്രശാന്ത്. സഞ്ചയനം വെള്ളി 9ന്.

എസ് സുജാത
നെടുമങ്ങാട്

ചന്തവിള വടക്കുംകര വീട്ടിൽ എസ് സുജാത (80) അന്തരിച്ചു. ഭർത്താവ്: പരേതനായ ഗോപാലകൃഷ്ണൻ. മക്കൾ: രമ, സുരേഷ്, കല, വിനോദ്. മരുമക്കൾ: വിജയകുമാർ, അജന്ത, പ്രേംകുമാർ, സിനി. സഞ്ചയനം തിങ്കൾ ഒമ്പതിന്.

സുലേഖാ ബീവി
നെടുമങ്ങാട്

ജെടിഎസ് ജങ്ഷനിൽ ഷീജാ മൻസിലിൽ സുലേഖാ ബീവി (75)അന്തരിച്ചു. ഭർത്താവ്: റിട്ട. സെക്രട്ടറിയറ്റ് അണ്ടർ സെക്രട്ടറിയും മുൻ മന്ത്രി എം കെ മുനീറിന്റെ പ്രൈവറ്റ് സെക്രട്ടറിയുമായിരുന്ന ജലാലുദ്ദീൻ. മക്കൾ: ഷീജ, ഷീബ, പരേതനായ ഷംനാദ്. മരുമക്കൾ: ഡോ. നൗഷാദ്, സഫറുള്ളഖാൻ.

കൃഷ്ണപിള്ള
പോത്തൻകോട്

നന്നാട്ടുകാവ് വളവൂർക്കോണത്തുവീട്ടിൽ കൃഷ്ണപിള്ള (88) അന്തരിച്ചു. ഭാര്യ: ലളിതമ്മ. സഞ്ചയനം ബുധൻ 8.30ന്.ോ

രാധ
കോവളം

കെഎസ് റോഡിൽ സീയോൺകുന്ന് വീട്ടിൽ രാധ (70) അന്തരിച്ചു. ഭർത്താവ്: ജോൺസൺ. മക്കൾ: സുനിത, അനിത (സിപിഐ എം കോവളം ലോക്കൽ കമ്മിറ്റി അംഗം, മുൻ അതിയന്നൂർ ബോക്ക് പഞ്ചയത്ത് പ്രസിഡന്റ്), സുഗത, അജിത. മരുമക്കൾ: ജയപ്രകാശ്, പരേതനായ ക്രിസ്തുദാസ്, രാജേഷ്, ഷാഗർ.

ശോഭിരത്നം
പയറ്റുവിള

തേരിവിള പുത്തൻവീട്ടിൽ ശോഭിരത്നം (61) അന്തരിച്ചു. ഭർത്താവ്: റസ്സാലം. മക്കൾ: ആശിഷ്, പരേതരായ അനീഷ്, അജീഷ്. മരുമക്കൾ: സന്ധ്യ, ദിവ്യ. പ്രാർഥന തിങ്കൾ രാവിലെ എട്ടിന്.

ലളിത
വിഴിഞ്ഞം

വെങ്ങാനൂർ ചരുവിള വീട്ടിൽ ലളിത (ജയ്നി, 72) അന്തരിച്ചു. ഭർത്താവ്: സോബൻ ബാബു. മകൻ: ദിനേശ് ബാബു. മരുമകൾ: മിഥില. സഞ്ചയനം ചൊവ്വ ഒമ്പതിന്.

ടി വസന്ത
തിരുവല്ലം

പാച്ചല്ലൂർ കൊല്ലന്തറ ബൈപ്പാസ് റോഡ് കൊടാച്ചി മുടുമ്പുവീട്ടിൽ ടി വസന്ത (63) അന്തരിച്ചു. ഭർത്താവ്: പരേതനായ രാജൻ. മക്കൾ: ഷീജ, ഷിജി, ഷീബ. മരുമക്കൾ: രമ്യ, സുജിത്, ബൈജു. സഞ്ചയനം വ്യാഴം എട്ടിന്.

സധീഷ്കുമാർ
കളമച്ചൽ

പൊയ്കമുക്ക് പാറയടി താരാഭവനിൽ സധീഷ്കുമാർ (38) അന്തരിച്ചു. അച്ഛൻ: പരേതനായ രാജാഗോപാൽ. അമ്മ: കമലമ്മ. സഹോദരൻ സജി. സഞ്ചയനം ഞായർ ഒമ്പതിന്.

ആർ ഹരിദാസ്
തിരുവനന്തപുരം

കുന്നുകുഴി വരമ്പശേരി വീട്ടിൽ ആർ ഹരിദാസ് (83), റിട്ട. സർവേയർ (വിളയിൽ വീട് വക്കം) അന്തരിച്ചു. സംസ്കാരം ശനി പകൽ 11ന് മുട്ടത്തറ മോക്ഷ കവാടത്തിൽ. ഭാര്യ: ശാന്തിനി ഹരിദാസ്, മകൾ: ദിവ്യ ഹരിദാസ് മരുമകൻ: ബാലു വിശ്വനാഥൻ. ചെറുമകൻ: ശ്രീഹരി. സഞ്ചയനം ബുധൻ എട്ടിന്.

അബ്ദുൽ ഖാദർ മുസ്ല്യാർ
കണിയാപുരം

അണക്കപ്പിള്ള ആറ്റരികത്ത് വീട്ടിൽ അബ്ദുൽ ഖാദർ മുസ്ല്യാർ (73) അന്തരിച്ചു. ഭാര്യ: ആയിഷ ബീവി. മക്കൾ: സബൂറ, മൻസൂർ, ബുഷ്റ. മരുമക്കൾ: നൗഷാദ്, സഹദിയ, ഷിഹാബുദ്ദീൻ. സഹോദരൻ: സലാഹുദ്ദീൻ.

കെ ചന്ദ്രശേഖരപിള്ള
അമ്പലപ്പുഴ

കരുമാടി തൈപ്പറമ്പ് വീട്ടിൽ കെ ചന്ദ്രശേഖരപിള്ള (70– എക്സ് സർവീസ്) അന്തരിച്ചു. സംസ്കാരം ശനി പകൽ 11ന് വീട്ടുവളപ്പിൽ. ഭാര്യ: നിർമല. മക്കൾ: അമ്പിളി, അരുൺ (മിലിട്ടറി ഓഫീസർ). മരുമക്കൾ: ഗിരീഷ്കുമാർ, സൂര്യ.പരേതൻ ദേശാഭിമാനി ഏജന്റായിരുന്ന പരേതനായ കൊച്ചുകൃഷ്ണപിള്ളയുടെ മകനും ദേശാഭിമാനി മുൻ ഫോട്ടോ എഡിറ്റർ കെ രവികുമാറിന്റെ സഹോദരനുമാണ്.

അമീർ ഹംസ
തിരുവനന്തപുരം

ബീമാപള്ളി ടിവി 45,/830 പുതുവൽ വീട്ടിൽ അമീർ ഹംസ (81, റിട്ട. കെഐസ്ആർടിസി ചെക്കിക്ക് ഇൻസ്പെക്ടർ)അന്തരിച്ചു. ബീമാപള്ളി മുസ്ലിം ജമാഅത്തിന്റെ മുൻ ജനറൽ സെക്രട്ടറിയായും പ്രസിഡന്റായും പ്രവർത്തിച്ചിട്ടുണ്ട്. ഭാര്യ: പരേതയായ ഹബീല ബീവി. മക്കൾ: നൗഷാദ്, നൈസാം, മൂസ, മുർഷിദ്, നാസില ബീവി, നാസറ ബീവി.

പരമേശ്വരൻ ആശാരി
നരുവാമൂട്

വെള്ളാപ്പള്ളി ഹരിഭവനിൽ പരമേശ്വരൻ ആശാരി (68) അന്തരിച്ചു. ഭാര്യ: വി ജയകുമാരി. മക്കൾ: ഹരി, ചിന്നു. മരുമകൻ: അജയൻ. സഞ്ചയനം ചൊവ്വ 8.30ന്.

കെ എൻ കൃഷ്ണൻനായർ
തിരുവനന്തപുരം

വട്ടിയൂർക്കാവ് മഞ്ചാടിമൂട് കുരിതക്കാട് കെആർഡബ്ല്യുഎ216 എയിൽ കെ എൻ കൃഷ്ണൻനായർ (89) അന്തരിച്ചു. ഭാര്യ: ഭാനുമതി. മക്കൾ: ജയശ്രീ, ജ്യോതിഷ്, രാജശ്രീ. മരുമക്കൾ: ശ്രീകുമാർ, രേണു. സഞ്ചയനം വ്യാഴം 8.30ന്.

സുരേന്ദ്രനാഥൻ
കരുമം

മാടമ്പന തെക്കുംതലവീട്ടിൽ സുരേന്ദ്രനാഥൻ (66) അന്തരിച്ചു. ഭാര്യ: ചന്ദ്രിക കുമാരി. മക്കൾ: ജയേഷ് കുമാർ , സന്ധ്യ. മരുമക്കൾ: കിഷോർ കുമാർ , വീണ. സഞ്ചയനം വ്യാഴം 8 മണിക്ക്.

തുളസീധരൻ
തിരുവനന്തപുരം

ജഗതി ഇന്ദീവരം ഇവിആർഎ 67ൽ തുളസീധരൻ (78, റിട്ട. പ്രൊഫ. , ഗവ. ആയുർവേദ കോളേജ്, തിരുവനന്തപുരം) അന്തരിച്ചു. ഭാര്യ: പരേതയായ ശ്യാമളദേവി. മകൾ: ഡോ. ടി എസ് സീമ (പ്രൊഫ. , ഗവ ആയുർവേദ കോളേജ്, തൃപ്പൂണിത്തുറ). മരുമകൻ : സുനിൽ കുമാർ (എൻജിനീയർ, വയർലെസ്സ് മോണിറ്ററിങ് സ്റ്റേഷൻ, മംഗലാപുരം).

ആനന്ദവല്ലേശ്വരി തങ്കച്ചി
തിരുവനന്തപുരം

പട്ടം മുറിഞ്ഞപാലം വിവിഡ് സിആർഎ 30ൽ പി ആനന്ദവല്ലേശ്വരി തങ്കച്ചി (98) അന്തരിച്ചു. സംസ്കാരം ശനി 12ന് ശാന്തികവാടത്തിൽ. കുളച്ചൽ പത്തറ കുടുംബാംഗമാണ്. ഭർത്താവ്: പരേതനായ ആർ കൃഷ്ണൻ തമ്പി. മക്കൾ: ലക്ഷ്മി ദാസ്, വരദ തങ്കച്ചി, രമേശൻ തമ്പി. മരുമക്കൾ: പരേതനായ ജി.എസ്. ദാസ്, കെ വി ശ്രീകുമാർ, പ്രമീള കുമാരി.

ടി ടി വേലായുധൻ നായർ
മരുതൻകുഴി

പുണർതം ലെയിൻ യു256 രഞ്ജനയിൽ ടി ടി വേലായുധൻ നായർ (87, റിട്ട. സീനിയർ ഓഡിറ്റ് ഓഫീസർ, എജീസ് ഓഫിസ്) അന്തരിച്ചു. സംസ്കാരം ശനി ഉച്ചക്ക് 2.30ന് തൈക്കാട് ശാന്തികവാടത്തിൽ. ഭാര്യ: കെ വിജയകുമാരി (റിട്ട. പ്രിൻസിപ്പൽ, രാജാ കേശവദാസ് എൻഎസ്എസ് ഹൈസ്കൂൾ, ശാസ്തമംഗലം). മക്കൾ: രഞ്ജിത്, രാജീവ്. മരുമക്കൾ: സുസ്മിത, പാർവതി.

പ്രേമരാജൻ
വെഞ്ഞാറമൂട്

പിരപ്പൻകോട് പേരത്തുമുകൾ പിപി നിവാസിൽ വി പ്രേമരാജൻ (60) അന്തരിച്ചു. ഭാര്യ: സരസ്വതി അമ്മ. മക്കൾ: പ്രിയ, പ്രീത. മരുമക്കൾ : മണികണ്ഠൻ, അഭിലാഷ്. സഞ്ചയനം തിങ്കൾ ഒമ്പതിന്.

നന്ദിനി
പേരൂർക്കട

ദേവസ്വം ബോർഡ് ജംങ്ഷന് സമീപം കമുകിൻവിളാകത്ത് വീട്ടിൽ നന്ദിനി (59) അന്തരിച്ചു. ഭർത്താവ്: ജി. സുഭാഷ്. മകൻ: പാർത്ഥൻ എസ് എൻ. സഞ്ചയനം ചൊവ്വ 8.30ന്.

ഗോപകുമാർ
ശ്രീകാര്യം

ഗാന്ധിപുരം ചെറുവല്ലി ലെയിൻ ജിആർഎസി135 കാർത്തികയിൽ ഗോപകുമാർ (52, ഫിഷറീസ് ഓഫീസർ, കൊല്ലം) അന്തരിച്ചു. ഭാര്യ: ബിന്ദു എസ് നായർ. മക്കൾ: ശിവകാമി. ശിവനന്ദിനി. സഞ്ചയനം വ്യാഴം 8.30ന്.

കൊച്ചു പെണ്ണ്
പന്തളം

തെക്കേക്കര പടുക്കോട്ടുക്കൽ കാവിന്റെ തെക്കേതിൽ കൊച്ചു പെണ്ണ് (80) അന്തരിച്ചു. സംസ്കാരം ശനി രാവിലെ 10ന് വീട്ടുവളപ്പിൽ. ഭർത്താവ്: പരേതനായ കുമാരൻ. മക്കൾ: സദാശിവൻ, സുധ, ഉഷ. മരുമക്കൾ: തങ്കമ്മ, സുരേഷ്.

ബി ഗോപി
പുല്ലുകാട്

കരിമണൽ വിളയിൽ വീട്ടിൽ ബി ഗോപി (77) അന്തരിച്ചു. സംസ്കാരം ശനി രാവിലെ 8.30ന് ശാന്തികവാടത്തിൽ വച്ച്. ഭാര്യ : ജെ രാജമ്മ. മക്കൾ : രാധിക, സുരേഷ് കുമാർ, രേണുക. മരുമക്കൾ : വിജയൻ, സീമ, പരേതനായ ഉദയകുമാർ. സഞ്ചയനം ബുധൻ 8.30ന്.

ജോയി ജോസഫ്
ചെത്തിപ്പുഴ

കാവാലം പുതുപ്പറമ്പിൽ ജോയി ജോസഫ് (ജോയിച്ചൻ–81) അന്തരിച്ചു. സംസ്കാരം ശനി പകൽ 3.30ന് ചെത്തിപ്പുഴ തിരുഹൃദയ ദൈവാലയത്തിൽ.

വി എൻ ശ്രീധരൻ
കങ്ങഴ

കാരമല വയലുംതലയ്ക്കൽ വി എൻ ശ്രീധരൻ(കുട്ടപ്പൻ – 87) അന്തരിച്ചു. സംസ്കാരം ശനി പകൽ 11ന് വീട്ടുവളപ്പിൽ. ഭാര്യ: പരേതയായ ഗൗരിയമ്മ. മക്കൾ: ലീലാമണി, രാധാമണി, ഷൈലമ്മ, ഗീതമ്മ. മരുമക്കൾ: രാമചന്ദ്രൻ, പരേതനായ മോഹനൻ, നന്ദകുമാർ, സജിമോൻ.

ആന്റണി തോമസ്
കറിക്കാട്ടൂർ സെന്റർ

മാടപ്പള്ളി മോസ്കോ പ്രാക്കുഴി ആന്റണി തോമസ് (85) അന്തരിച്ചു. സംസ്കാരം ശനി പകൽ 2.30ന് മകൾ ബിൻസിയുടെ വീട്ടിലെ ശുശ്രൂഷകൾക്കുശേഷം കറിക്കാട്ടൂർ സെന്റ് ആന്റണീസ് പള്ളി സെമിത്തേരിയിൽ. ഭാര്യ: ചെങ്ങന്നൂർ പനച്ചിക്കൽ പൊയ്കയിൽ റോസമ്മ. മക്കൾ: ബീന, ബെറ്റി, ബിൻസി. മരുമക്കൾ: സാംകുട്ടി പട്ടത്താനം കുന്നന്താനം, മനോജ് കണ്ണമ്പള്ളി ചീരഞ്ചിറ, മനോഷ് വാളിപ്ലാക്കൽ (എൻസിസി ഡിപാർട്മെന്റ്, ചങ്ങനാശേരി).

ബാബു വർഗീസ്
പുല്ലുകുത്തി

പൊയ്കയിൽ ബാബു വർഗീസ്(56) അന്തരിച്ചു. സംസ്കാരം ശനി വൈകിട്ട് അഞ്ചിന് നീലമ്പാറ സെന്റ് ജോൺസ് പള്ളിസെമിത്തേരിയിൽ. ഭാര്യ: നാൻസി ജോസഫ് (കൊച്ചുവീട്ടിൽ ഉപ്പുതറ). മകൻ: നിബു മാത്യു.

ഷാഹുൽ ഹമീദ്
കങ്ങഴ

വണ്ടാനം കുടുംബാംഗം ചാത്തനാട്ട് ഷാഹുൽ ഹമീദ് (60) അന്തരിച്ചു. കബറടക്കം നടത്തി. ഭാര്യ: പായിപ്പാട് പാറയ്ക്കൽ ഷൈലജ. മക്കൾ: അമീൻ മുഹമ്മദ്, അമീന ഷാഹുൽ, അൻസാ ഷാഹുൽ. മരുമക്കൾ: ഷിംന, അൻസാദ്, സിദ്ധിഖ്.

കെ ഡി ജോസഫ്
ചെത്തിപ്പുഴ

കല്ലുപുരയ്ക്കൽ (പാത്തിയ്ക്കൽ) കെ ഡി ജോസഫ് (ജോബ് ചാത്തിയ്ക്കർ–95) അന്തരിച്ചു. സംസ്കാരം പിന്നീട്. വാഴപ്പള്ളി മുൻ പഞ്ചായത്ത് ഓഫീസർ ആയിരുന്നു. ഭാര്യ: പരേതയായ എൽസമ്മ ജോസഫ് കോട്ടക്കോട്ടിൽ (തിരുവല്ല). മക്കൾ: ലിസമ്മ ലൂയിസ് (ഇറ്റലി), ആനിയമ്മ പോത്തൻ (മുംബൈ), സിബിച്ചൻ ജോസഫ് (യുഎസ്എ), മേരിക്കുട്ടി ചെറിയാൻ (ഇറ്റലി), ജോസഫ് ജെ (ഷാജി കട്ടപ്പന), ഷാനി ജി ജോസഫ് (യുഎസ്എ), റെജി ജോസഫ്, റെൻസി ജോസഫ് (അബുദബി). മരുമക്കൾ: ലൂയിസ് ജോസഫ് (ഇറ്റലി) മുതുകാട്ടിൽ കണ്ണൂർ, ജോയി പോത്തൻ (മുംബൈ) തുണ്ടുമുറിയിൽ (കല്ലൂപ്പപാറ), ആനിയമ്മ സിബിച്ചൻ (യുഎസ്എ) ഇളപ്പുങ്കൽ ചങ്ങനാശേരി, റോയിച്ചൻ പി കെ (പുളിയ്ക്കൽ) വടക്കേക്കര, ത്രേസ്യാമ്മ ജോസഫ് കൊച്ചിത്ര കട്ടപ്പന, ഷോബ ജോർജ് നെല്ലിമൂട്ടിൽ തിരുവല്ല (യുഎസ്എ), ഷിമ്മി ജോസഫ് പുകുന്നേൽ പോത്താനിക്കാട്, ലൈജു മാത്യു പുതുപ്പറമ്പിൽ പുവം (അബുദബി).

ഏലിക്കുട്ടി ആന്റണി
ചങ്ങനാശേരി

വലിയപറമ്പിൽ ഏലിക്കുട്ടി ആന്റണി(93) അന്തരിച്ചു. സംസ്കാരം തിങ്കൾ പകൽ മൂന്നിന് വെരൂർ സെന്റ് ജോസഫ് പള്ളിസെമിത്തേരിയിൽ. മാമ്മൂട് കാരയ്ക്കാട്ടു കുടുംബാംഗം. ഭർത്താവ്: പരേതനായ വി ടി ആന്റണി. മക്കൾ: അപ്പച്ചൻകുട്ടി(തൃക്കൊടിത്താനം), ജോസുകുട്ടി, തങ്കമ്മ, സണ്ണിച്ചൻ(ഏഷ്യൻ റബർ വർക്സ്), സിബിച്ചൻ, വിൻസി, ഫാ. സെബാസ്റ്റ്യൻ വലിയപറമ്പിൽ. മരുമക്കൾ: റ്റെസി പുളിമൂട്ടിൽ(തുരുത്തി), എത്സമ്മ ചിറത്തലയ്ക്കൽ(നാട്ടകം), ജയിംസുകുട്ടി തെക്കെപറമ്പിൽ(നാലുകോടി), ലീലാമ്മ മൂലയിൽ(ഫാത്തിമാപുരം), മോളി കാക്കനാട്(മണിമല), ജോസുകുട്ടി അച്ചോത്തിൽ(കൂത്രപ്പള്ളി).

കെ ഇ തോമസ്
ഉഴവൂർ

വിമുക്തഭടൻ കല്ലടയിൽ കെ ഇ തോമസ് (കുട്ടൻ – 77, റിട്ട. പോസ്റ്റ്മാസ്റ്റർ) അന്തരിച്ചു. സംസ്കാരം ശനി പകൽ മൂന്നിന് ഉഴവൂർ സെന്റ് സ്റ്റീഫൻസ് പാരീഷ്ഹാളിലെ ശുശ്രൂഷക്ക് ശേഷം ഉഴവൂർ പള്ളി സെമിത്തേരിയിൽ. ഭാര്യ: ചക്കാമ്പുഴ പണിക്കാപറമ്പിൽ മേരി. മക്കൾ: നീത, അനിത, സ്റ്റീഫൻ (എല്ലാവരും ന്യൂസിലൻഡ്). മരുമക്കൾ: ജോസഫ് റായപ്പ (ബംഗളൂരു), ജിജോ ജോസഫ് ചിരട്ടോലിക്കൽ (കാപ്പിസെറ്റ് വയനാട്), ഷീബ ബാബു കുന്നത്തറക്കൽ (മംഗലംഡാം).

യുവാവിനെ കഴുത്തു മുറിച്ചു മരിച്ച നിലയിൽ കണ്ടെത്തി

തിരുവനന്തപുരം

യുവാവിനെ കഴുത്തു മുറിച്ചു മരിച്ച നിലയിൽ മെഡിക്കൽ കോളേജ് ആശുപത്രിയിലെത്തിച്ചു. ആര്യനാട് സ്വദേശി പി സുരേഷ് (45) ആണ് മരിച്ചത്. ഇയാൾ സ്വയം കഴുത്തു മുറിച്ച് ആത്മഹത്യ ചെയ്തതാണെന്നാണ് ആശുപത്രിയിൽ നൽകിയിരിക്കുന്ന വിവരം. മൃതദേഹം മോർച്ചറിയിൽ.

സൈബർ ആക്രമണ കേസിലെ പ്രതിയുടെ സംസ്കാരം ശനിയാഴ്ച

കടുത്തുരുത്തി

ആൺ സുഹൃത്തിന്റെ സോഷ്യൽ മീഡിയയിലൂടെയുള്ള ആക്രമണത്തിൽ മനം നൊന്ത് യുവതി മരിച്ച കേസിലെ പ്രതി കഴിഞ്ഞ ദിവസം ആത്മഹത്യചെയ്ത കോതനല്ലൂർ മുണ്ടയ്ക്കൽ അരുൺ വിദ്യാധരന്റെ(32) സംസ്കാരം ശനിയാഴ്ച രാവിലെ 10 ന് കോതനല്ലൂരിലെ വീട്ടുവളപ്പിൽ നടക്കും. കാഞ്ഞങ്ങാട് ജില്ലാ ആശുപത്രിയിൽ സൂക്ഷിച്ച മൃതദേഹം ബന്ധുക്കൾ എത്തി തിരിച്ചറിഞ്ഞു. തുടർന്ന് വെള്ളിയാഴ്ച വൈകിട്ടോടെ പരിയാരം മെഡിക്കൽ കോളേജിൽ പോസ്റ്റ്മോർട്ടം ചെയ്തു. ശനിയാഴ്ച രാവിലെ മൃതദേഹം വീട്ടിൽ എത്തിക്കും. അരുണിന്റെ സൈബർ ആക്രമണത്തെത്തുടർന്ന് കോതനല്ലൂർ വരുകാലായിൽ വി എം ആതിര(26) തിങ്കളാഴ്ച രാവിലെയാണ് കിടപ്പുമുറിയിൽ തൂങ്ങി മരിച്ചത്. പെൺകുട്ടിയുടെ മുൻ സുഹൃത്തായിരുന്നു ഇയാൾ. ഇതിനെ തുടർന്ന് ഒളിവിൽ പോയ അരുണിനെ വ്യാഴാഴ്ച രാവിലെ കാഞ്ഞങ്ങാട്ടെ ഒരു ലോഡ്ജിൽ തൂങ്ങി മരിച്ച നിലയിൽ കണ്ടെത്തുകയായിരുന്നു. അരുണിനെതിരെ കടുത്തുരുത്തി പൊലീസ് കേസെടുത്ത് അന്വേഷണം നടക്കുന്നതിനിടയിലാണ് വ്യാഴാഴ്ച ഉച്ചയോടെ മരണ വിവരം അറിയുന്നത്.

സിപിഐ എം പത്തനംതിട്ട ഏരിയ സെക്രട്ടറി പി ആർ പ്രദീപ് അന്തരിച്ചു

പത്തനംതിട്ട

സിപിഐ എം പത്തനംതിട്ട ഏരിയ സെക്രട്ടറിയും കർഷകസംഘം സംസ്ഥാന കമ്മിറ്റിയംഗവുമായ പി ആർ പ്രദീപിനെ(46) മരിച്ച നിലയിൽ കണ്ടെത്തി. വീടിന് സമീപത്തെ കെട്ടിടത്തിൽ വെള്ളിയാഴ്ച വൈകിട്ട് നാലോടെയാണ് മൃതദേഹം കണ്ടെത്തിയത്. മൃതദേഹം പത്തനംതിട്ട ജനറൽ ആശുപത്രി മോർച്ചറിയിലേക്ക് മാറ്റി. സംസ്കാരം തിങ്കൾ പകൽ ഒന്നിന് വീട്ടുവളപ്പിൽ. തിങ്കളാഴ്ച രാവിലെ 7.30ന് സിപിഐ എം പത്തനംതിട്ട ഏരിയ കമ്മിറ്റി ഓഫീസിലും 8.30ന് ഇലന്തൂർ ഇഎംഎസ് സഹകരണ ആശുപത്രിയിലും ഒമ്പതിന് ഇലന്തൂർ സർവീസ് സഹകരണ സംഘത്തിലും പത്തിന് വീട്ടിലും മൃതദേഹം പൊതുദർശനത്തിന് വയ്ക്കും. ഭാര്യ: ശ്രുതി(അധ്യാപിക). മക്കൾ: ഗോവിന്ദ് (10–ാം ക്ലാസ്), ഗൗരി (ഏഴാം ക്ലാസ്). വിദ്യാർഥി, യുവജന സംഘടന പ്രവർത്തനത്തിലൂടെയാണ് പ്രദീപ് പൊതുപ്രവർത്തന രംഗത്ത് സജീവമായത്. ഇലന്തൂർ ബ്ലോക്ക് പഞ്ചായത്തംഗവുമായിരുന്നു. കോഴഞ്ചേരി സെന്റ് തോമസ് കോളേജിലെ എസ്എഫ്ഐ യൂണിറ്റ് സെക്രട്ടറിയും പ്രസിഡന്റുമായിരുന്നു. പിന്നീട് സെന്റ് തോമസ് കോളേജ് യൂണിയൻ ചെയർമാനുമായി. എസ്എഫ്ഐ പത്തനംതിട്ട ഏരിയ സെക്രട്ടറി, ജില്ലാ ജോയിന്റ് സെക്രട്ടറി, ഡിവൈഎഫ്ഐ ജില്ലാ പ്രസിഡന്റ്, സെക്രട്ടറി എന്നീ ചുമതലകളും വഹിച്ചു. 12 വർഷമായി സിപിഐ എം പത്തനംതിട്ട ഏരിയ കമ്മിറ്റിയംഗമായി പ്രവർത്തിക്കുന്നു. 2021 നവംബറിൽ നടന്ന സമ്മേളനത്തിലാണ് ഏരിയ സെക്രട്ടറിയായത്. ഇലന്തൂർ ഇ എം എസ് സഹകരണ ആശുപത്രി ഡയറക്ടർ ബോർഡംഗവും ഇലന്തൂർ 460–ാം നമ്പർ സർവീസ് സഹകരണ സംഘത്തിന്റെ പ്രസിഡന്റായി മൂന്നാം തവണയും പ്രവർത്തിച്ചുവരികയായിരുന്നു .

അച്ഛൻ: ഇലന്തൂർ പ്രഭാസദനത്തിൽ രാധാകൃഷ്ണൻ നായർ. അമ്മ: ഓമനയമ്മ. സഹോദരങ്ങൾ: പ്രഭ, രശ്മി. പി ആർ പ്രദീപിന്റെ ആകസ്മിക നിര്യാണത്തിൽ അനുശോചിച്ച് ജില്ലയിലെ എല്ലാ പാർടി ഓഫീസുകളിലും പാർടി പതാക പകുതി താഴ്ത്തി ക്കെട്ടണമെന്ന് ജില്ലാ സെക്രട്ടറി കെ പി ഉദയഭാനു അഭ്യർഥിച്ചു.

പ്രദീപിന്റെ നിര്യാണത്തിൽ ദേശാഭിമാനി ജനറൽ മാനേജർ കെ ജെ തോമസ് അനുശോചനം രേഖപ്പെടുത്തി.

ബൈക്ക് വൈദ്യുത തൂണിലിടിച്ച് യുവാവ് മരിച്ചു

കോലഞ്ചേരി

അനന്തു

പെരിയാർവാലി ഓഫീസിനുസമീപം നിയന്ത്രണംവിട്ട ബൈക്ക് വൈദ്യുതത്തൂണിലിടിച്ച് നെല്ലാട് പാറയിൽ ബാബുവിന്റെ മകൻ അനന്തു (27) മരിച്ചു. വ്യാഴം രാത്രി ഒമ്പതരയോടെ വീട്ടിലേക്ക് മടങ്ങുംവഴിയാണ് അപകടം.

കോലഞ്ചേരി മെഡിക്കൽ കോളേജ് ആശുപത്രിയിൽ എത്തിച്ചെങ്കിലും പുലർച്ചെ മരിച്ചു. സംസ്കാരം നടത്തി. അച്ഛൻ ബാബു ടിപ്പർ ലോറി ഡ്രൈവറാണ്. അമ്മ: അംബിക. സഹോദരങ്ങൾ: അരവിന്ദ്, അമൃത.

വിദ്യാർഥി തൂങ്ങിമരിച്ച നിലയിൽ

കൊടുങ്ങല്ലൂർ

ആരോമൽ

വിദ്യാർഥിയെ വീടിനുള്ളിൽ തൂങ്ങിമരിച്ച നിലയിൽ കണ്ടെത്തി. പുത്തൻവേലിക്കര സ്വദേശി പടമ്മാട്ടുമ്മൽ ജോസഫിന്റെ മകൻ ആരോമലിനെ (15) ആണ് കോട്ടപ്പുറം കോട്ടയിലെ വാടക വീട്ടിൽ തൂങ്ങി മരിച്ച നിലയിൽ കണ്ടെത്തിയത്. ശൃംഗപുരം പി ഭാസ്കരൻ സ്മാരക ഗവ.ഹയർ സെക്കൻഡറി സ്കൂളിലെ പത്താം ക്ലാസ് വിദ്യാർഥിയാണ്. കൊടുങ്ങല്ലൂർ പൊലീസ് മേൽ നടപടി സ്വീകരിച്ചു.

ബസിടിച്ച് സ്കൂട്ടർ യാത്രിക മരിച്ചു

അന്തിക്കാട്

റെറ്റി

എറവ് ആറാംകല്ലിൽ ബസിടിച്ച് സ്കൂട്ടറിൽ മകനോടൊപ്പം യാത്ര ചെയ്തിരുന്ന റിട്ട. അധ്യാപിക മരിച്ചു. എറവ് അഞ്ചാംകല്ല് ചെറുവത്തൂർ ടെൻസിയുടെ ഭാര്യ റെറ്റി (56) യാണ് മരിച്ചത്. വട്ടേക്കാട് പികെഎം എച്ച്എം യുപി സ്കൂളിലെ അധ്യാപികയായിരുന്നു. മകനോടൊപ്പം സ്കൂട്ടറിൽ യാത്ര ചെയ്യുമ്പോൾ ആറാംകല്ല് കപ്പേളയ്ക്ക് സമീപം സ്വകാര്യ ബസ് ഇടിച്ചായിരുന്നു അപകടം.

ഒളരിയിലെ സ്വകാര്യ ആശുപത്രിയിൽ എത്തിച്ചെങ്കിലും മരിച്ചു. സംസ്കാരം ശനി വൈകിട്ട് 5.30ന് എറവ് കപ്പൽ പള്ളി സെമിത്തേരിയിൽ. മക്കൾ: ബ്രൂണി മരിയ, ബ്രോളിൻ. മരുമകൻ: ബിനോയ്.

മരുന്ന് മാറിനൽകിയതായി പരാതി : ചികിത്സയ്ക്കിടെ വയോധിക മരിച്ചു

പുന്നയൂർക്കുളം

തങ്കമണി

മെഡിക്കൽ ഷോപ്പിൽ നിന്ന് മരുന്ന് മാറി നൽകിയത് വയോധികയുടെ മരണത്തിന് കാരണമായതായി പരാതി. ഗുരുവായൂർ ചൂൽപ്പുറം നൂറംകുളങ്ങര തങ്കമണി (83) യാണ് മരിച്ചത്. പ്രമേഹത്തിനുള്ള മരുന്നിന് പകരം നൽകിയത് രക്താർബുദത്തിനുള്ള മരുന്നാണെന്നാണ് പരാതി. മെഡിക്കൽ ഷോപ്പിനെതിരെ വടക്കേക്കാട് പൊലീസിൽ കുടുംബാംഗങ്ങൾ പരാതി നൽകി.

പുന്നയൂർക്കുളത്തുള്ള ജൻ ഔഷധി കേന്ദ്രത്തിൽ നിന്നാണ് മരുന്ന് മാറി നൽകിയതെന്നാണ് കുടുംബത്തിന്റെ ആരോപണം. സംസ്കാരം നടത്തി. മക്കൾ: സുനിത, ഉഷ, വിജയ, ജയരാമൻ, കാർത്തിക, രമേഷ്. മരുമക്കൾ: ബാലൻ, വിജയൻ, സൂര്യ, സംഗീത, പരേതരായ കൃഷ്ണൻ, വിജയൻ.

എരുമേലി ആംബുലൻസ് അപകടം: പരിക്കേറ്റയാൾ മരിച്ചു

എരുമേലി

ഗോകുൽ ശങ്കർ

എരുമേലി ചെമ്പകപ്പാറയിൽ മൃഗസംരക്ഷണ വകുപ്പിന്റെ ആംബുലൻസ് മരത്തിലിടിച്ച് മൂന്ന് പേർക്ക് പരിക്കേറ്റ സംഭവത്തിൽ സാരമായി പരിക്കേറ്റയാൾ മരിച്ചു. കാഞ്ഞിരപ്പള്ളി ആർഎസി ഓഫീസിലെ അറ്റൻഡർ കെഴുവനാൽ ശങ്കർ ഭവനം വീട്ടിൽ ഗോകുൽ ശങ്കർ(34) ആണ് കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രിയിൽ മരിച്ചത്. വെള്ളിയാഴ്ച പകൽ 1.45ന് ചെമ്പകപ്പാറയ്ക്ക് സമീപത്തായിരുന്നു അപകടം. വിവിധ ആശുപത്രിയിലേക്ക് മരുന്ന് എത്തിക്കുന്ന വെറ്ററിനറി വിഭാഗത്തിന്റെ ആംബുലൻസ് മുക്കൂട്ടുതറ മൃഗാശുപത്രിയിൽ മരുന്ന് നൽകിയ ശേഷം എരുമേലി ആശുപത്രിയിലേക്ക് മരുന്നുമായി പോകുകയായിരുന്നു.

ഓഫീസിലെ മറ്റ് ഉദ്യോഗസ്ഥരായ ബിജു തോമസ്, അജിമോൻ എന്നിവർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സയിലാണ്.